## കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ ചുങ്കത്തറ ഗ്രാമ പഞ്ചായത്തിന്റെ 2005-2006 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയ ചെലവിന് സാധൂകരണം നൽകിയും 2000-2001 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2, 2005-2006 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.21 എന്നിവ പ്രകാരം തടസ്സപ്പെടുത്തിയ ചെലവുകൾക്കുള്ള സാധൂകരണാപേക്ഷ നിരസിച്ചും 2005-2006 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.12 പ്രകാരം തടസ്സപ്പെടുത്തിയ ചെലവിന്മേൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ).നം.3532/2015/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി, 27.11.2015

---

പരാമർശം : 1. ചുങ്കത്തറ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 16.08.2014 – തിയതിയിലെ എ 1 - 137/08 നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 21.05.2015 – തിയതിയിലെ എം3/14418/15 നമ്പർ കത്ത്

3. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 03.08.2015 – തിയതിയിലെ എൽ.എഫ്.8314/പി.റ്റി3/15 നമ്പർ കത്ത്

## ഉത്തരവ്

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ വോട്ടർ പട്ടിക അച്ചടിക്ക് അനുവദിച്ചു നൽകിയിരിക്കുന്നതിലും കൂടുതൽ തുക ഈയിനത്തിൽ ചെലവഴിച്ചിരിക്കുന്നതിനാൽ കൂടുതലായി ചെലവഴിച്ച 45426 രൂപാ മലപ്പുറം ജില്ലയിലെ ചുങ്കത്തറ ഗ്രാമ പഞ്ചായത്തിന്റെ 2005-2006 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയിരുന്നു. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടർ പട്ടിക കുടുംബശ്രീ മുഖേന ചെയ്യണമെന്ന് സർക്കാർ നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇതിനായി തയ്യാറെടുപ്പ നടത്തുകയും എന്നാൽ സമയബന്ധിതമായി ഇക്കാര്യം പൂർത്തീകരിക്കുന്നതിന് കുടുംബശ്രീക്ക് കഴിയാതിരുന്ന സാഹചര്യത്തിൽ പുറത്തു നിന്ന് പ്രിന്റ് എടുക്കേണ്ട സ്ഥിതിയുണ്ടാകുകയും ആയതിന്റെ ഭാഗമായി മനപ്പൂർവ്വമല്ലാതെ വന്ന ചെലവിന്റെ ഭാഗമായാണ് ഓഡിറ്റ് തടസ്സത്തിന് ആധാരമായ ചെലവുണ്ടായതെന്നും ആയതിനാൽ ഇക്കാര്യത്തിൽ സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ഭരണ സമിതി 29.01.2014 തിയതിയിലെ 7(4) നമ്പർ തീരുമാനപ്രകാരം

........2

ആവശ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതിയുടെ ആവശ്യം അംഗീകരിച്ച് ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിൽ ആ വകുപ്പിന് എതിരഭിപ്രായമില്ല എന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം മൂന്ന് കത്ത് പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഓഫീസ് ജോലിക്കായി ദിവസക്കൂലി വ്യവസ്ഥയിൽ വർഷം മുഴുവനും ആളെ നിയമിച്ച് വേതനം നൽകിയതിന് ഉപോൽബലകമായ സർക്കാർ ഉത്തരവ് ഹാജരാക്കുന്നതിൽ പഞ്ചായത്ത് പരാജയപ്പെട്ടതിനാൽ ഇക്കാര്യത്തിലുള്ള 55230 രൂപായുടെ ചെലവിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണെന്ന് 2000-2001 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ നിർദേശിച്ചിരുന്നു. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പദ്ധതി രേഖ, പ്രൊജക്റ്റ് തയ്യാറാക്കൽ, നികുതി പിരിവ്, വിവിധ പ്രൊജക്റ്റ് മീറ്റിംഗ് എന്നിവയുൾപ്പെടെ പഞ്ചായത്തിന്റെ അനിവാര്യമായ ജോലികൾ നിലവിലുള്ള ജീവനക്കാരെക്കൊണ്ട് ചെയ്തു തീർക്കുവാൻ കഴിയില്ലെന്നുള്ള ഉത്തമ ബോധ്യമുണ്ടായിരുന്നതിനാലാണ് ഓഫീസ് ജോലിക്കായി ദിവസക്കൂലി വ്യവസ്ഥയിൽ ആളെ നിയമിച്ച് വേതനം നൽകിയതെന്നും ആയതിനാൽ ഇക്കാര്യത്തിൽ സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഭരണ സമിതി 14.08.2014 തിയതിയിലെ 5(1) നമ്പർ തീരുമാനപ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിലും സാധൂകരണം നല്കുന്നതിന് ആ വകുപ്പിന് എതിരഭിപ്രായമില്ല എന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം മൂന്ന് കത്ത് പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഹൈസ്കൂളുകളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിൽപ്പെടാത്തതിനാൽ വിജയഭേരി എന്ന പദ്ധതിയുടെ അടിസ്ഥാനത്തിൽ എയ്ഡഡ് ഹൈസ്കൂളുകൾക്കും ഹൈസ്കൂളുകളോട് അനുബന്ധിച്ചുള്ള യു.പി.സ്കൂളുകൾക്കും കൂടി 25000 രൂപാ നൽകിയ നടപടി 2005-2006 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.21 പ്രകാരം തടസ്സപ്പെടുത്തിയിരുന്നു. ധാരാളം പട്ടിക വർഗ്ഗ കുടുംബങ്ങളിലേയും വനപ്രദേശങ്ങളോട് ചേർന്ന വീടുകളിലെ കുട്ടികളും എയ്ഡഡ് സ്കൂളുകളിലാണ് പഠിക്കുന്നതെന്നതിനാലാണ് പ്രസ്തുത പദ്ധതി എയ്ഡഡ് സ്കൂളുകളിൽ നടപ്പിലാക്കിയതെന്നും ആയതിനാൽ ഇക്കാര്യത്തിലും സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ഭരണ സമിതി 29.01.2014 തിയതിയിലെ 7(5) നമ്പർ തീരുമാനപ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

പാതിരിപ്പാടം - തലഞ്ഞി റോഡ് പ്രവൃത്തിയുടെ റോഡ് ഫില്ലിംഗിന് ചീഫ് എൻജിനീയർ നിർദേശിച്ചിരുന്നതിലും അധികമായി തുക ചെലവഴിച്ചതിനാൽ

.........3

അധികമായി ചെലവഴിച്ച 14990 രൂപാ 2005-2006 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.12 പ്രകാരം തടസ്സപ്പെടുത്തിയിരുന്നു. മഴക്കാലത്ത് വെള്ളം കെട്ടിക്കിടന്ന് ചെളിയാകുന്ന റോഡിൽ ഏത് തരം മണ്ണിട്ട് നികത്തിയാലും ചെളി കൂടുകയേ ഉള്ളൂ എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടപ്പോഴാണ് കോഴ്സ്ഡ് റിവർ സാന്റ് ഉപയോഗിച്ചതെന്നും ആയതിനാൽ ഇക്കാര്യത്തിലും സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ഭരണ സമിതി 29.01.2014 തിയതിയിലെ 7(3) നമ്പർ തീരുമാനപ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

2005-2006 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.12, 3.21 എന്നിവ പ്രകാരം തടസ്സപ്പെടുത്തിയ ചെലവുകളിന്മേൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ ചുങ്കത്തറ ഗ്രാമ പഞ്ചായത്തിന്റെ 2005-2006 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയ ചെലവിന് പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ കത്ത്, സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ കത്ത് എന്നിവയുടെ അടിസ്ഥാനത്തിൽ സാധൂകരണം നൽകിയും 2000-2001 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2, 2005-2006 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.21 എന്നിവ പ്രകാരം തടസ്സപ്പെടുത്തിയ ചെലവുകൾക്കുള്ള സാധൂകരണാപേക്ഷകളിലെ വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ ആയത് നിരസിച്ചും 2005-2006 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.12 പ്രകാരം തടസ്സപ്പെടുത്തിയ ചെലവിൽ പരാമർശിക്കുന്ന കോഴ്സ്ഡ് റിവർ സാന്റ് എന്ന വസ്തു ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ബന്ധപ്പെട്ട അധികാരിയുടെ അംഗീകാരം വാങ്ങാൻ നിർദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
റ്റി.വിജയൻ
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, ചുങ്കത്തറ ഗ്രാമ പഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ